14905
29/9/16

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (കൈ) നം.379/2016/ധന തിരുവനന്തപുരം, തീയതി : 27/09/2016**

പരാമർശം:- കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.02.2016 ലെ കെ.എസ്.എ.7/എസ്റ്റാ.1/2016 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന ഓഡിറ്റ് വകുപ്പിലെ താഴ്ന്ന വിഭാഗം തസ്തികകളായ ഓഫീസ് അറ്റൻഡന്റ്, അറ്റൻഡർ, ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I&II, ബൈൻഡർ, റോണിയോ ഓപ്പറേറ്റർ തുടങ്ങിയ തസ്തികകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻ പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഓഫീസ് അറ്റൻഡന്റ്, അറ്റൻഡർ, ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I&II, ബൈൻഡർ, റോണിയോ ഓപ്പറേറ്റർ തുടങ്ങിയ തസ്തികകൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അനുമതിക്ക് വിധേയമായി, ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഡോ.കെ.എം.എബ്രഹാം**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (20.09.2016 ലെ മന്ത്രിസഭായോഗ നടപടിക്കുറിപ്പുകൾ ഇനം നം.226)
✓വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ
## ശ്രീ.പിണറായി വിജയൻ മന്ത്രിസഭ
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | 9805/എസ്റ്റാ.ഡി1/2016/ധന(ഇ 179828) |
| 2 | വകുപ്പ് | : | ധനകാര്യ വകുപ്പ് |
| 3 | വിഷയം | : | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ താഴ്ന്ന വിഭാഗം തസ്തികകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 29/07/16 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഫയൽ ധനകാര്യ വകുപ്പിലാണ് കൈകാര്യം ചെയ്യുന്നത് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീകല.എസ്.പണിക്കർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.കെ.എം.എബ്രഹാം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17/08/16 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | എസ്.എം.വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17/08/16 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | പ്രൊഫ.സി.രവീന്ദ്രനാഥ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 18/08/16 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19/08/16 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഓഫീസ് അറ്റൻഡന്റ്, അറ്റൻഡർ, ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I&II, ബൈൻഡർ, റോണിയോ ഓപ്പറേറ്റർ തുടങ്ങിയ തസ്തികകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശമാണ് ഈ കുറിപ്പിലുള്ളത്.

15.12.2015 ലെ സ.ഉ (എം.എസ്) 321/2015/ പൊ.ഭ.വ നം ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിലും ജനറൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലും ഉൾപ്പെട്ടിരുന്ന ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ കേരള സെക്രട്ടറിയേറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിരുന്നു.

മേൽ വിഷയം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-എ) വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി. സംസ്ഥാന ഓഡിറ്റ് വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ എന്നതിൽ ഭരണ വകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനമെടുക്കാവുന്നതാണെന്നും വിശേഷാൽ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധമായി 04/06/2015 ലെ 7693/R1/2015/P&ARD നമ്പർ സർക്കുലറിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നതായും അറിയിച്ചിരുന്നു.

04.06.2015 ലെ 7693/ ആർ.1/2015/ഉ.ഭ.പ.വ നമ്പർ സർക്കുലർ പ്രകാരം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള അടിയന്തിര സാഹചര്യങ്ങളൊഴികെ എക്സിക്യൂട്ടീവ് ഉത്തരവുകളിലൂടെ വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ കഴിയുന്നതല്ല. മന്ത്രിസഭയുടെ അനുമതിയോടെ മാത്രമേ ഓഡിറ്റ് വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

ഈ സാഹചര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഓഫീസ് അറ്റൻഡന്റ്, അറ്റൻഡർ, ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I&II, ബൈൻഡർ, റോണിയോ ഓപ്പറേറ്റർ തുടങ്ങിയ തസ്തികകൾ മന്ത്രിസഭയുടെ അംഗീകാരത്തോടെയുള്ള ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഉൾപ്പെടുത്താവുന്നതും ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പിന്നീട് ഭേദഗതി ചെയ്യാവുന്നതുമാണ്. ഈ വിഷയം മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി അനുമതി നൽകിയിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഓഫീസ് അറ്റൻഡന്റ്, അറ്റൻഡർ, ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I&II, ബൈൻഡർ, റോണിയോ ഓപ്പറേറ്റർ തുടങ്ങിയ തസ്തികകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഉൾപ്പെടുത്താമോ ?

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 20-09-2016.

ഫയൽ നം.9805/എസ്റ്റാ.ഡി1/2016/ധന.(ഇ.179828) ഇനം നം: 226

വിഷയം : ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ താഴ്ന്ന വിഭാഗം തസ്തികകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവീസ് റൂൾസിൽ ഉൾപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.